# രാഷ്ട്ര സങ്കല്പം നവോത്ഥാന കവിതയിൽ

വൈലോപ്പിള്ളിയുടെ കടൽക്കാക്കകൾ എന്ന കവിതയെ ആധാരമാക്കി ഒരന്വേഷണം

**ഫിറോസ് ഖാൻ എം എസ്**

രാഷ്ട്രം എന്ന ആശയസങ്കല്പം ഉടലെടുക്കുന്നത് മനുഷ്യൻ ഒരു സാമൂഹികജീവിയായതുകൊണ്ട് മാത്രമാണ്. രാഷ്ട്രം എന്ന പദം കേവലം ഭൂപ്രകൃതി മാത്രമല്ല, അതിൽ അധിവസിക്കുന്ന സചേതനവും അചേതനവുമായ സകലതിനേവും മൂർത്തവും അമൂർത്തവുമായ അവയുടെ പരിണാമദശകളേയും ഉൾക്കൊള്ളുന്നു. അപ്പോൾ എന്താണ് സമൂഹം എന്ന് ചിന്തിക്കേണ്ടി വരുന്നു.

**സമൂഹം**

പൊതുവായ ഒരു സംസ്കാരത്തിൽ പങ്കു ചേർന്ന് കഴിയുന്ന ഒരു ജന സഞ്ചയമാണ് സമൂഹം[1.] പൊതുവായ ഒരു ജീവിത സമ്പ്രദായത്തിൽ ഉൾപ്പെട്ടിരിക്കുകയും അതിൽ തന്നെ സ്വയം ഒരു ഘടകമായി തിരിച്ചറിയുകയും ചെയ്യുന്ന വ്യക്തികളുടെ സംഘടനയാണ് സമൂഹം[2]. വൈയക്തികമായി ഐഡന്റിറ്റി ഉണ്ടെങ്കിലും മനുഷ്യാവസ്ഥകളുടെ വികാസം സാമൂഹികമായ സങ്കലനത്തിലൂടെ മാത്രം വളരുന്നതാണെന്ന് ചരിത്രം പരിശോധിച്ചാൽ നമുക്ക് മനസിലാകും. ഭാഷ, മതം, ശാസ്ത്രം, തത്വചിന്ത, കല , അധ്വാനം, നിയമങ്ങൾ എന്നിങ്ങനെ മനുഷ്യാവസ്ഥകളെ നിർവചിക്കുന്ന എല്ലാ ഘടകങ്ങളും സമൂഹം മനുഷ്യനെ നിയന്ത്രിക്കുന്നു എന്ന തിരിച്ചറിവിൽ നിന്നുണ്ടായതാണ്. ആദ്യകാലങ്ങളിൽ കൃഷിയും പങ്കിടലുമായിരുന്നു സമൂഹത്തിന്റെ ലക്ഷ്യമെങ്കിൽ പിന്നീട് വ്യക്തികൾ സമൂഹത്തിൽ സംഘർഷം സൃഷിക്കാൻ തുടങ്ങുകയും ഓരോ സമൂഹവും തങ്ങളുടെ പ്രശ്നനിർദ്ധാരണത്തിന് പൊതു മിനിമം പരിപാടികൾ ആസൂത്രണം ചെയ്യുകയും അവ നിയമങ്ങളായി മാറുകയും ചെയ്തിട്ടുണ്ട്. ഈ നിയമങ്ങൾ വൈയക്തികമായി അവകാശങ്ങളായും സാമൂഹികമായി കർത്തവ്യങ്ങളായും മാറി.

**രാഷ്ട്രം**

ചലനാത്മകത ഏത് സമൂഹത്തിന്റേയും പ്രാകൃതിക സ്വഭാവമാണ്[3]. ചലനാത്മകമായ സമൂഹങ്ങൾ അതിരുകളില്ലാത്ത ഭൂമിയിൽ സംഘർഷങ്ങളിലേർപ്പെട്ടപ്പോഴാണ് രാജ്യാതിർത്തികൾ സൃഷ്ടിക്കപ്പെട്ടത്. സമൂഹനിയമങ്ങൾ രാജ്യനിയമങ്ങളായി പരിണമിച്ചു.നിയമനിർമ്മാണവും അവയുടെ പൊളിച്ചെഴുത്തും നിലവിൽ വന്നു. അധികാര വ്യവസ്ഥകൾ നിർണ്ണയിച്ചു. ആജ്ഞകൾ കല്ലേൽ പിളർക്കുന്നതായി. മതവും പാരമ്പര്യവും രാജാധികാരത്തെ നിയന്ത്രിച്ചു. രാജാവ് എന്ന കേന്ദ്രാധികാരത്തിലേയ്ക്ക് ലോകത്തെ എല്ലാ സമൂഹങ്ങളും മാറി.രജ്യത്തിനുള്ളിൽ തന്നെ കാലം വ്യത്യസ്ത നിയമങ്ങൾ സൃഷ്ടിച്ചു. സാമൂഹിക ജീവിയായ മനുഷ്യൻ രാഷ്ട്രീയ ജീവി കൂടിയായി. വ്യത്യസ്ത രാഷ്ട്ര സങ്കല്പങ്ങൾ നിലവിൽ വന്നു.

**രാഷ്ട്ര സങ്കല്പം**

പ്രാചീന ഗ്രീക്ക് , റോമൻ സമൂഹങ്ങളിലാണ് രാഷ്ട്രം എന്ന ആധുനിക സങ്കലത്തിലുള്ള സ്റ്റേറ്റ് ആദ്യമായി കടന്നു വരുന്നത്. രാഷ്ട്രവുമായി ബന്ധപ്പെട്ട് നാം കരാറിലേർപ്പെടുന്നതാണ് സാമൂഹിക കരാർ സിദ്ധാന്തം[6]. നികുതിയോടൊപ്പം രാഷ്ട്രത്തിന് പൌരന്മാർ നൽകുന്ന പ്രതിപത്തിയാണ് ദേശീയത. ആധുനിക ദേശീയത യൂറോപ്യൻ നവോത്ഥാനത്തിന്റെ സൃഷ്ടിയാണ്. രാജവാഴ്ചകളിലെ ദേശീയതയും ആധുനിക ജനാധിപത്യ രാഷ്ട്രങ്ങളിലെ ദേശീയതയും വ്യത്യസ്തമാണ്. രാജവാഴ്ചയിൽ രാജാവിനോടും ദൈവത്തോടുമുള്ള കൂറാണ് ദേശീയത. കോളനിവത്കരണ കാലത്ത് സ്വാതന്ത്ര്യമായിരുന്നു ദേശീയതയ്ക്കടിസ്ഥാനം. രാഷ്ട്രീയ ജനാധിപത്യത്തിൽ പൌരന്റെ അന്തസ്സിന്റെ സൂചകമായും ചിലപ്പോൾ അധികാര രാഷ്ട്രീയത്തോടുമുള്ള വിധേയത്വമായും ദേശിയത നിർവചിക്കാറുണ്ട്.

**അന്തർദേശീയത**

ദേശരാഷ്ട്രസങ്കല്പത്തിന്റെ അസ്തിത്വത്തെ രണ്ടാം ലോകമഹായുദ്ധവും ശീതയുദ്ധങ്ങളും ചോദ്യം ചെയ്തു. ശാസ്ത്രബോധം,

യുക്തിചിന്ത, വൈജ്ഞാനിക വിപ്ലവം, കലകളുടെ വ്യാപനം , മനുഷ്യാവകാശങ്ങൾ, പ്രകൃതിബോധം എന്നിവ ദേശിയതയുടെ അതിർവരമ്പുകളെ പലപ്പോഴായി മായ്ച്ച് കളഞ്ഞു. ദേശീയ കവിയായി അറിയപ്പെട്ടപ്പോഴും ലോകം പക്ഷികൂട് പോലെയാണെന്നാണ് ടാഗോർ അവകാശപ്പെടുന്നത്. ഐക്യരാഷ്ട്ര സംഘടന, ഇന്റർപോൾ, ഗ്ലോബലൈസേഷൻ, വ്യോമഗതാഗതം, വ്യപാരക്കരാറുകൾ, അന്തരീക്ഷമലിനീകരണം തുടങ്ങി നിരവധി ഘടകങ്ങൾ മനുഷ്യൻ ലോകത്തെവിടെയും അനുഭവിക്കുന്ന പ്രതിസന്ധികൾ സമാനമാണെന്ന ധാരണ സൃഷ്ടിച്ചു. പൌരൻ ഒരു രാഷ്ട്രത്തിന്റെ സ്വത്തായിരിക്കുമ്പോൾ തന്നെ അയാൾ ഒരു അന്താരാഷ്ട്ര പൌരൻ കൂടിയാകുന്നതാണ് അന്തർദേശിയത എന്ന് ചുരുക്കിപറയാം.

**രാഷ്ട്ര സങ്കല്പം കടൽക്കാക്കകളിൽ**

നീതിയും ധർമ്മവുമാണ് എനിയ്ക്ക് പാടാൻ തക്കവണ്ണം സുന്ദരമായി പണ്ടേ തോന്നിയിട്ടുള്ളത്. ആ പാട്ട് കഴിയുന്നതും സുന്ദരവും ശക്തവുമാക്കാൻ ശ്രദ്ധിക്കാറുണ്ട്[7]. വൈലോപ്പിള്ളിയ്ക്ക് കവിതയുടെ കലാത്മകതയെക്കുറിച്ചുള്ള കാഴ്ചപ്പാട് തന്നെ അത് സോദ്ദേശ്യമാവുക എന്നതാണെന്ന് അദ്ദേഹത്തിന്റെ ആത്മകഥ സാക്ഷ്യപ്പെടുത്തുന്നു. അതിന്റെ സൌന്ദര്യത്തിക്കുറിച്ച് സുഗതകുമാരി പറഞ്ഞതോർക്കുക. വൈലോപ്പിള്ളിക്കവിതയില്ലയിരുന്നെങ്കിൽ എത്രയോ കൂടുതൽ വരണ്ടതും നിർജീവവുമാകുമായിരുന്നു നമ്മുടെ കവിത[8]. കലാത്മകതേയും ജീവിതവിമർശത്തേയും തിരിച്ചറിയാൻ കഴിയാത്ത വിധം വൈലോപ്പിള്ളി കവിതയെ മനപ്പൂർവം നെയ്തെടുത്തിരിക്കുന്നു. അവിടെ ശാസ്ത്രവും ചരിത്രവും സത്യവും അനുഭൂതിവത്കരിക്കപ്പെട്ടിരിയ്ക്കുന്നു.

കടൽകാക്കകളുടെ പ്രമേയത്തെക്കുറിച്ച് പറയുമ്പോൾ സമഗ്രമായ സംസ്കാര വിനിമയത്തിനുള്ള കവിയുടെ ദാഹം പ്രകടമാക്കുകയും എല്ലാ അതിർവരമ്പുകളും കൊത്തിക്കളഞ്ഞ് ഉദാരമായ ഒരന്താരാഷ്ട്രീയ സംസ്കാരം കരുപ്പിടിപ്പിക്കുവാൻ നമ്മേ പ്രേരിപ്പിക്കുകയും ചെയ്യുന്ന കവിതയാണിത്[9]. കടൽക്കാക്കാകൾ

എന്ന കവിതാസമാഹാരത്തിലെ ആദ്യകവിതയാണ് കടൽക്കാക്കകൾ. ഈ സമാഹാരത്തിലെ കവിതകളൊക്കെയും ചർച്ച ചെയ്യുന്നത് സ്വാതന്ത്ര്യാനന്തരം രൂപപ്പെട്ട കേരള സംസ്ഥാനത്തേയും അതിന്റെ പരിതസ്ഥിതികളേയും നവകേരളം കെട്ടിപ്പടുക്കുമ്പോൾ സൂക്ഷിക്കേണ്ട സൂക്ഷ്മതയെക്കുറിച്ചുമാണ്. ആദ്യകവിത തന്നെ അതിർവരമ്പുകളെ കൊത്തിക്കുടയുകയും സ്വാതന്ത്ര്യത്തിന്റെ അനന്തതയിലേയ്ക്ക് പറന്നുയരുകയും ചെയ്യുന്ന കടൽക്കാക്കകളാണ്. ഓരോ പദവും ഓരോ ശൈലിയും നുണഞ്ഞിറക്കി വായിക്കുമ്പോഴേ കവിതയിൽ തിരുകി വയ്ച്ചത് തുറന്നെടുക്കാൻ കഴിയൂ എന്ന് അവതാരികയിൽ പി എ വാര്യർ പറഞ്ഞു വയ്ക്കുന്നുണ്ട്.

കവിതയുടെ പശ്ചാത്തലം ഒരു പള്ളിക്കൂടമാണ്. അറിവിന്റെ തിരുമുറ്റം. ഉച്ചമണികേട്ടപ്പോൾ സ്കൂളിന് പുറത്തേയ്ക്കൊഴുകുന്നത് അണമുറിയെപ്പുഴവെള്ളം പോലെയാണ്. അസ്വാതന്ത്ര്യത്തിന്റെ ചിരദാസ്യച്ചങ്ങലകളുടച്ച് കുട്ടികൾ പുറത്തേകൊഴുകുന്നു. വീട്ടിലെ വാത്സല്യത്തിന്റെ ചോറുണ്ണാനോ വഴിയിൽ നിന്ന് കഴിക്കാനോ കഴിയാതെ പോകുന്ന കൂട്ടരെ കവി പരിചയപ്പെടുത്തുന്നു. അവർ താഴ്ന്നജാതിക്കാരായിരുന്നില്ല, മറിച്ച് വീട്ടിൽ പോകാൻ വഴിയേറെയുണ്ട്. ഭക്ഷണമെത്തിക്കാൻ ആളെ ഏർപ്പാട് ചെയ്തിട്ട് ശരിയായില്ല. ജാതീയതയുടെ നിഴലിൽ പെട്ടുപോയ കുട്ടികളുടെ ദൈന്യത കൂടുമ വളർത്തിയതാണെന്ന് കവി പറയുന്നു. ചായക്കടയിൽ കയറിയാൽ കുളിയാശുദ്ധമാകുമത്രേ. ഉണ്ടെങ്കിലും ഉണ്ണാൻ കഴിയാത്ത മധ്യവർഗത്തിന്റെ സംഘർഷമാണ് കവി ഇവിടെ അവതരിപ്പിക്കുന്നത്. പ്രവർത്തി കൊണ്ട് സവർണ്ണ പക്ഷത്തും മനസു കൊണ്ട് അധ:സ്ഥിത പക്ഷത്തുമാണല്ലോ വൈലോപ്പിള്ളി. കുളിയാശുദ്ധിയുമായി കടുമ വളർത്തിയ ദൈന്യങ്ങൾ എന്ന പ്രയോഗത്തിൽ കുട്ടികളിൽ പോലും അനാചാരങ്ങളും അന്ധവിശ്വാസങ്ങളും അടിച്ചേൽപ്പിക്കുന്നതിനെ നിശിതമായി കവി വിമർശിക്കുന്നു.

പ്രാവിനും എറുമ്പിനും പോലും കഴിക്കാൻ സുഭിക്ഷമായി ഉള്ളപ്പോഴാണ് സ്കൂൾ അന്തരീക്ഷം ജാതീയതയുടെ പേരിൽ ഉയർന്ന

ജാതിക്കാരന് ഭക്ഷണം നിഷേധിയ്ക്കുന്നത്. തുടർന്ന് കായൽക്കരയിലേയ്ക്ക് എട്ടന്റെ നിർദേശമനുസരിച്ച് തങ്ങളിലൊന്നും മിണ്ടാതെ നടന്നു നീങ്ങുകയാണ്. ഏട്ടൻ നിയോക്ലാസിസത്തിന്റെ വക്താവാണ്. വ്യവസ്ഥിതിയെ ചോദ്യം ചെയ്ത് സംഘർഷം സൃഷ്ടിയ്ക്കാൻ ഏട്ടൻ തയ്യാറല്ല. പക്ഷേ നിശബ്ദമായി കവി അതിനോട് പ്രതികരിയ്ക്കുന്നു.

കാറ്റ് സ്വതന്ത്ര്യഗീതമാണ് മുഴക്കുന്നത്. പരുഷമായ ഫ്യൂഡലിസത്തിന്റെ തണലിലാണ് കുട്ടികൾ ഇരിയ്ക്കുന്നത്. എന്നിട്ട് ആവർ നോക്കുന്നത് ശ്രദ്ധിയ്ക്കുക. മുട്ടിത്തേങ്ങുന്ന കായലിനെ കടൽ കെട്ടിപ്പുണരുന്നിടത്തേയ്ക്കാണ്. കായലും കടലും തമ്മിലുള്ള ബന്ധത്തിൽ കായലിനെ കടൽ സമാധാനിപ്പിക്കുന്നതായി വ്യക്ത്യാരോപം നടത്തിയിരിക്കുന്നു. കവിയുടെ വിശപ്പിന്റെ തേങ്ങലുകളേയും കടൽ തന്നെ സ്വീകരിയ്ക്കുന്നു. തേങ്ങലുകളെ സ്വാന്തനിപ്പിക്കുന്ന അറ്റമില്ലാത്ത കടൽപ്പരപ്പിലേയ്യ്ക്ക് , അതിരുകളില്ലാത്ത സ്വാതന്ത്ര്യത്തിന്റെ വിഹായസ്സിലേയ്ക്ക് വൈലോപ്പിള്ളിക്കവിത ചിറകു വിരുത്തുന്നു.

എല്ലുന്തിന നെഞ്ച് മതി കവിയ്ക്ക്. പക്ഷേ ഉള്ളതും ഊഹിച്ചതും പങ്ക് വയ്ക്കാൻ കഴിയണം. ഉള്ളത് റിയലിസവും ഊഹിക്കുന്നത് റൊമാന്റിസിസവുമാണ്. കടൽത്തീരം പ്രകൃതീശ്വരിയുടെ മടിത്തട്ടാണ്. വൈലോപ്പിള്ളിയുടെ രാഷ്ട്രസങ്കല്പം പ്രകൃതി സൌഹൃദമാണ്. വിശപ്പും ദാഹവും കൊണ്ട് വശം കെട്ട മനുഷ്യസംഘർഷങ്ങളിലാണ് കവിത കൂട് വയ്ക്കേണ്ടതെന്ന് കവി എന്നേ മനസ്സിലാക്കിയിരിക്കുന്നു. ഹൃദയത്തിൽ നിന്ന് കവിത ഉദരത്തിലേയ്ക്ക് മാറിയ റിയലിസത്തിന്റേയും സോഷ്യലിസത്തിന്റേയും കാലമാണ് വൈലോപ്പിള്ളിയുടെ കവിതക്കാലം. കാലു കുടയുക എന്നത് ശൈശവത്തിന്റെ വിശേഷണമാണ്. പുതുകാല കവിതക്കിളിയുടെ ശൈശവഭാവമാണ് കവി നനച്ചെടുത്തത്.

മനുഷ്യനെ മനുഷ്യൻ തിരിച്ചറിയുന്നതിൽ നിന്ന് വിലക്കുന്ന ആചാരങ്ങൾ നീർക്കുമിളകളാണ്. ശുദ്ധാശുദ്ധ വിധിയ്ക്ക് പണ്ടേ

ശൂരത്ത്വമുള്ള വല്യമ്മാവനാണ് അരയന്മാരുടെ മീൻ കറിയും ചോറും പാത്ത് കിടന്ന് സാപ്പിട്ടത്. ജാതീയതയിൽ കാര്യമില്ലെന്ന് മനസ്സിലാക്കുകയും സ്വാർത്ഥ താത്പര്യങ്ങൾക്കായി വ്യാജനിയമങ്ങൾ ചമയ്ക്കുകയും ചെയ്യുന്ന വല്യമ്മാവൻ സ്വേച്ഛാധിപത്യത്തിന്റേയും ഏകാധിപത്യത്തിന്റേയും വക്താവാണ്. അദ്ദേഹത്തിന്റെ ആചാരവിധികളാണ് ഉച്ചഭക്ഷണത്തിൽ നിന്ന് കുട്ടികളെ വിലക്കിയിരിക്കുന്നത്. അയാൾ തന്നെയാണ് ഭാഗവതം വൈകുണ്ഠം വരെ കേൾക്കണമെന്ന് വാശി പിടിയ്ക്കുന്നത്. ഇവിടെ ഭഗവന്നാമം രാജപ്രശസ്തിയാണ്. വൈലോപ്പിള്ളിയ്ക്കതിന് കൂട്ട് നിൽക്കാൻ കഴിയില്ല. സ്ഥൂല മഹോന്നത വിഗ്രഹം, ഗൌരവ ഭാവം, ഭസ്മം, തിലകം തുടങ്ങിയ ചിഹ്നങ്ങളുള്ള പ്രാകൃതനായ സാഹിത്യകാരനല്ല വൈലോപ്പിള്ളി, ഒന്നാന്തരം കവിയാണ്. ആത്മീയതയെ ഗൃഹസ്ഥാശ്രമത്തിലേയ്ക്ക് തിരിച്ചിറക്കുക യാണദ്ദേഹം.ദേവത്വത്തിന് മുകളിലാണ് വൈലോപ്പിള്ളി ക്കവിതയിലെ മനുഷ്യൻ.

സ്കൂളിലേയ്ക്ക് തിരികെ കുട്ടികൾ പ്രവേശിച്ച് കഴിഞ്ഞ് ക്ലാസ്സ് തുടങ്ങിയിട്ടും പാണ്ടിപ്പിള്ളയുടെ പലഹാരഭണ്ഡരണികളിലാണ് കുട്ടിയുടെ ശ്രദ്ധ.

> " മകനേ, ഹാ ദയ തോന്നും, നിൻ ചെറു-
> മുഖമതിനാലെ കുതിർക്കട്ടെ"

ദയ തോന്നിയിട്ട് മിഠായികളിലൊന്ന് പാണ്ടിപ്പിള്ള കവിയ്ക്ക് കൊടുക്കുന്നു. ദളിതന് ഇപ്പോൾ സവർണ്ണതയോട് ദയ മാത്രമാണ് തോന്നുന്നത്. ലോകത്തിലെ ഏറ്റവും മികച്ച ഭരണഘടന ഒരു ദളിതന്റെ ദയയാണല്ലോ!. അഭിമാനത്തിന് ക്ഷതമുണ്ടായെന്ന് വരുത്തിത്തീർത്ത് കവിയ്ക്ക് അധികാരത്തിന്റെ ശിക്ഷയേല്ക്കേണ്ടി വരുന്നു. ആഭിജാത്യത്തിന്റെ വെള്ളി കെട്ടിയ ചൂരൽ കൊണ്ടാണ് വലിയമ്മാവൻ അടിയ്ക്കുന്നത്. ഒരു മതരഷ്ട്ര സങ്കല്പം അതിന്റെ പൌരന്മാരെ ശിക്ഷിക്കാൻ കണ്ടെത്തുന്ന കാരണങ്ങളിലൊന്ന് ഭക്ഷണമായിരിക്കും. കേരളം സ്വർഗ്ഗമാണ് .അതിൽ കവിയ്ക്ക് സംശയമില്ല. മാവേലിത്തമ്പുരാന്റെ നാടാണല്ലോ. എല്ലാ

ജാതിമതങ്ങൾക്കും വേണ്ടിയുള്ള ഒരേയൊരു സ്വർഗ്ഗം. പക്ഷേ വ്യത്യസ്ത ജാതികളും മതങ്ങളും തങ്ങൾക്ക് സൌകര്യപ്രദമായ പോക്കറ്റുകൾ കണ്ടെത്തിയിട്ടുണ്ട്. അരികുവത്കരിക്കപ്പെട്ടവർ കൂടി ചേരുന്നതാണ് പൊതു സംസ്കാരം. അവിടെ കല്ലിനും മുള്ളിനും പുല്ലിനും വന്മരത്തിനും നെല്ലിനും പതിരിനും ഒരേ ചാൻസാണ്.

കാലങ്ങൾക്ക് ശേഷം കവി കായൽക്കരയിൽ വരുമ്പോൾ കാണുന്നത് ജാതിശ്രേണിയെ തകർത്ത ഒരു ജനതയെയാണ്. നീയെവിടുന്നാണ് എന്ന് ചോദിച്ചാൽ അത് ചോദിയ്ക്കാൻ നീയാരാണ് എന്ന് മറു ചോദ്യം ചോദിയ്ക്കുന്ന യുക്തിചിന്തയുടേയും സമത്വ ദർശനത്തിന്റേയും സൂര്യോദയമാണവിടെ. അധികാരത്തെ അധികാരത്തോടെ ചോദ്യം ചെയ്യാൻ കഴിയണം. വൈലോപ്പിള്ളിയുടെ രാഷ്ട്ര സങ്കല്പം വല്യമ്മാവൻ അധീശപ്പെടുത്തിയിരുന്ന നാട്ടുരാജ്യത്തിൽ നിന്ന് ദേശക്കുറുകൾക്കുമപ്പുറം ഏഴു സമുദ്രവും എഴുപത് നാടും മേളിയ്ക്കുന്ന അന്താരാഷ്ട്ര സങ്കല്പത്തിലേയ്ക്കുയർന്നു. ജാതിയുടെയും മതത്തിന്റേയും വ്യവസ്ഥിതിയുടേയും അതിരുകൾക്ക് മാത്രമല്ല മനുഷ്യനെ വേർതിരിയ്ക്കുന്ന ഭൂപടങ്ങൾക്ക് പോലും വൈലോപ്പിള്ളിക്കവിതയിൽ സ്ഥാനമില്ല.

പണ്ട് അശുദ്ധിയുടെ പേരിൽ വിശപ്പും ദാഹവും സഹിക്കേണ്ടി വന്ന കവിയ്ക്ക് ഇന്ന് അശുദ്ധികൾ മാഞ്ഞ സമത്വ വാദത്തിന്റെ പെരുവഴിയിൽ വീണ്ടും ഒരു ദാഹം. നവോത്ഥാന കേരളം കത്തിച്ച ചൂട്ടിന്റെ വെളിച്ചത്തിൽ അവരോടൊപ്പമിരിയ്ക്കാനും കഴിയ്ക്കാനും കഥ പറയാനുമൊക്കെ വല്ലാത്തൊരു കൊതി. ഒരേ തീയുടെ പ്രകാശമാണ് രാഷ്ട്രം അതിന്റെ പൌരന്മാർക്ക് വദാനം ചെയ്യേണ്ടത്. പണ്ട് സഹജീവികളോടൊപ്പം ഇരിയ്ക്കാനോ നടക്കാനോ കഴിയ്ക്കാനോ കലകളാസ്വദിയ്ക്കാനോ കവിയുടെ സമുദായത്തിന് കഴിഞ്ഞില്ല. ഈ പുതിയ പ്രകാശം കേരളത്തിന്റെ ഇരുളടഞ്ഞ സംസ്കാരത്തെ മറയ്ക്കുമ്പോൾ വെളിച്ചത്തിൽ തെളിയുന്നത് ഒന്നിച്ചിരിയ്ക്കുന്നവരുടേയും ഒന്നിച്ച് കഴിയ്ക്കുന്നവരുടേയും ഒന്നിച്ച് കഥകളാസ്വദിയ്ക്കുന്നവരുടേയും മിഴിവാർന്ന ചിത്രങ്ങളാണ്. മാനവികതയുടെ ആഴം അറിഞ്ഞവർക്ക് നവോത്ഥാന ജനതയെ തള്ളിക്കളയാൻ പാടില്ല. ഈടുവയ്പ്പുകളും പൈതൃകങ്ങളും

നഷ്ടപ്പെട്ടാലും പുതിയ നാട്ടും അസംഖ്യം തോഴരും കിട്ടുന്നതാണ് വൈലോപ്പിള്ളിയുടെ ലാഭക്കച്ചവടം.

ഒരു പാഴ്ച്ചെടിയും ഭൂമിയിൽ ഇല്ലെന്ന് വൈലോപ്പിള്ളി പറയുന്നതിലൂടെ കവിയുടെ പ്രകൃതിവാദമാണ് അവതരിപ്പിക്കുന്നത്. ഒരോ മുൾച്ചെടിയ്ക്കും ഭൂമിയിൽ അതിന്റെ കർമ്മം ചെയ്ത് തീർക്കാനുണ്ട്. മുൾച്ചെടികളിൽ മാനവികതയുടെ പനിനീർപ്പൂക്കൾ കവി വിരിയിച്ചെടുക്കുന്നു. പൂവിനെ സംരക്ഷിക്കുക എന്നതാണ് മുള്ളിന്റെ കർത്തവ്യം. മുള്ള് നഷ്ടപ്പെട്ടാൽ പൂവില്ലാതാകും. ഒരു അണുവിന്റെ നാശത്തിൽ പോലും ഉലകിന് സംഭവിക്കുന്ന വൈകല്യമറിയുന്ന ആ സൂക്ഷ്മാവബോധം ഈ കാലഘട്ടത്തിൽ നമ്മുടെ കവിതയ്ക്ക് കൈവന്നതിൽ ഏറ്റവും വലിയ പങ്ക് വഹിച്ച കവിയാണ് വൈലോപ്പിള്ളി[10].സ്നേഹത്തേൻ തുള്ളികളും വീർപ്പും നെടുവീർപ്പും ഉൾക്കണ്ണീരും ചേർന്ന് പുതിയ മഴക്കാറ്റൂതുമ്പോൾ കവിതകൾ മൂളിവരും. കടലിലെ വെള്ളക്കാക്കകൾ പോലെ. ആ കവിതകളിൽ ഏഴാഴികളോളം വലിയ ആഹ്ലാദമാണ് പങ്കുവയ്ക്കുന്നത്. ആ ആഹ്ലാദം നവലോകം സൃഷിടിക്കുന്നതിലെ സന്തോഷമാണ്. കുളിയാശുദ്ധമായി ഒന്നും കഴിയ്ക്കാൻ പാടില്ലാത്ത വാക്കുകളല്ലക്കവിതകൾ കാലു കടയുന്ന, ഒരു കുടുമ വളർത്തിയ ദൈന്യം കവിതയുടെ അവസാന ഭാഗത്തെത്തുമ്പോൾ വിശ്വസംസ്കാര സമന്വയത്തിനുള്ള ദാഹമായി പരിണമിക്കുന്നു[11] എന്ന് കടൽക്കാക്കകളുടെ അവതാരികയിൽ പി എ വാര്യർ പറയുന്നു. കവിത വൈലോപ്പിള്ളിയ്ക്ക് കൊയ്ത്തും വിതയുമാണ്. കവിതയിലൂടെ നവലോകത്തിന്റെ വിതയ്ക്കാണ് കവി ശ്രമിയ്ക്കുന്നത്.

മലയാള കവിത മാത്രമല്ല മലയാള കലകളും മലയാള സാഹിത്യവും അതുണ്ടായ കാലം മുതലേ സമൂഹത്തെ നിയന്ത്രിക്കാൻ ശ്രമിച്ചിരുന്നു. എല്ലാ കലകളുടെയും ശാസ്ത്രങ്ങളുടേയും ചരിത്രകഥകളുടേയും ലക്ഷ്യം മനുഷ്യപരമ്പരയിലൂടെയുള്ള സാസ്കാരികപരിണാമം ത്വരിതപ്പെടുത്തുക എന്നതാണ്. കവിത മനുഷ്യന്റെ സാമൂഹ്യബോധത്തിൽ മാറ്റം വരുത്തുന്നുണ്ട്. വൈലോപ്പിള്ളിക്കവിത ഈ മാറ്റം വരുത്തുന്നതിന് കവിതയിൽ സംഘട്ടനം സൃഷ്ടിക്കുന്നു. വൈരുദ്ധ്യങ്ങളുടെ സംഘട്ടനമാണ്

വൈലോപ്പിള്ളിക്കവിത. ഏതെങ്കിലും ഒരു ദർശനത്തിന്റെ മാത്രം വക്താവല്ല അദ്ദേഹം. ആ കവിതകളിൽ കൂടുതലായി മാർക്സിയൻ ദർശനം കടന്നു വരുന്നുണ്ടെങ്കിലും താൻ ശരിയായ വിധത്തിൽ ഒരു മാർക്സിസ്റ്റല്ല എന്ന് കവി തന്നെ പറഞ്ഞിട്ടുണ്ടല്ലോ [12]. വിവിധ ദർശനങ്ങളുടെ നന്മയെ സ്വീകരിയ്ക്കുകയും തിന്മകൾക്കെതിരേ കണ്ണടയ്ക്കുകയോ കലാപം നടത്തുകയോ ചെയ്യുകയും ചെയ്യുന്നു. അത് നവരാഷ്ട്രവാദത്തിനുള്ള ആയുധങ്ങൾ സംഭരിയ്ക്കുന്നു. സുന്ദരപാതയിലൂടെ വിപ്ലവം നയിക്കുന്നു. അതിനാൽ ഒരു നവോത്ഥാന രാഷ്ട്രനിർമ്മിതിയുടെ ഭരണഘടനയായി ഓരോ വൈലോപ്പിള്ളിക്കവിതയേയും വായിച്ചെടുക്കാം. മനുഷ്യരാശിയുടെ അനംഗീകൃതമായ നിയമനിർമ്മാതാക്കളാണല്ലോ കവികൾ [13]

**കുറിപ്പുകൾ**

1. Evert M Reojers,Social change in Rural Society,Appleton-Century Crafts, New York,1960,Page-39
2. Jules Karlia, Man's Behaviour- An Introduction to Social Science,The Mcmillian Company,New York,1967,Page-59
3. Ibn Khaldun,An arab Philosophy of History,Charles Issawi, John Mursay(Trans.),London,1950,Page 30
4. Dillon, op.cit., p.28.
5. Appadorai, A, op,cit., p. 101
6. Sharma, R.S., Aspects of Political Ideas and Institutions in Ancient India, p.234.
7. വൈലോപ്പിള്ളി ശ്രീധരമേനോൻ, കാവ്യലോക സ്മരണകൾ,വൈലോപ്പിള്ളി സ്മാരക സമിതി,തൃശ്ശൂർ 1988 , പേജ് 83.
8. സുഗതകുമാരി, വിട, മാതൃഭൂമി ആഴ്ച്ചപ്പതിപ്പ് 1986 ജനുവരി 18, ലക്കം 43, പേജ് 14.

9. വാര്യർ പി.കെ, എല്ലാറപ്പുള്ള കവിത (കടൽക്കാക്കകൾക്കെഴുതിയ അവതാരിക), കടൽക്കാക്കകൾ, കറന്റ് ബുക്ക്സ് തൃശ്ശൂർ 2001,പേജ് നം 9

10. ഒ എൻ വി കുറുപ്പ്, കവിതയിലെ വഴിത്തിരിവുകൾ, മാതൃഭൂമി ബുക്ക്സ്, കോഴിക്കോട് 2005, പേജ് 58.

11. വാര്യർ പി കെ, എല്ലാറപ്പുള്ള കവിത (കടൽക്കാക്കകൾക്കെഴുതിയ അവതാരിക), കടൽക്കാക്കകൾ, കറന്റ് ബുക്ക്സ് തൃശ്ശൂർ 2001,പേജ് നം 11.

12. വൈലോപ്പിള്ളി ശ്രീധരമേനോൻ, കാവ്യലോക സ്മരണകൾ,വൈലോപ്പിള്ളി സ്മാരക സമിതി,തൃശ്ശൂർ 19988 , പേജ് 4.

13. ഭാസ്കരൻ ടി, ഭാരതീയ കാവ്യ ശാസ്ത്രം, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം 1994, പേജ് 110.